## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

15.07.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7665

## തണൽ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള തണൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്തെല്ലാം; | (എ) | ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗത്വമുള്ളവരും ക്ഷേമനിധി ബോർഡിൽ വിഹിത കുടിശ്ശിക ഇല്ലാത്തവരും മത്സ്യത്തൊഴിലാളി തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി വിവരം നൽകിയിട്ടുള്ളവരും ബാങ്ക് അക്കൗണ്ട് നൽകിയിട്ടുള്ളവരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും 1350/- രൂപ വാർഷിക ധനസഹായം ലഭിക്കുന്ന പദ്ധതിയാണ് . ധനസഹായം ബാങ്ക് വഴിയാണ് നൽകുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷ തീർപ്പാക്കി ഇനിയും തീർപ്പാക്കാത്ത അപേക്ഷകൾ എത്ര?; | (ബി) | തണൽ പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ നിന്ന് 6222 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 6120 പേർക്ക് പദ്ധതി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 102 പേർക്ക് വിവിധ കാരണങ്ങളാൽ (പ്രധാനമായിട്ടും ബാങ്ക് അക്കൗണ്ട് നൽകാത്തവർ) നൽകിയിട്ടില്ല. |
| (സി) തീർപ്പാക്കപ്പെടാത്ത അപേക്ഷകളുടെ വിവരം മത്സ്യഗ്രാമം തിരിച്ച് വിശദമാക്കാമോ? | (സി) | ബാങ്ക് അക്കൗണ്ടിലുള്ള ന്യൂനത കാരണം 102 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടില്ല. ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിക്കുന്നമുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ധനസഹായം ലഭിക്കാത്തവരുടെ മത്സ്യഗ്രാമം തിരിച്ച കണക്ക് താഴെ സമർപ്പിക്കുന്നു. |

| മത്സ്യഗ്രാമം | അപേക്ഷകരുടെ എണ്ണം |
|---|---|
| വൻമുഖം കടലൂർ | 2 |
| തിക്കൊടി | 6 |
| കൊയിലാണ്ടി | 12 |
| എടക്കടവ് | 20 |
| ഏഴുകുടിക്കൽ | 18 |
| വലിയമങ്ങാട് | 24 |
| വിരുന്നുകണ്ടി | 20 |
| ആകെ | 102 |

Jayasree

സെക്ഷൻ ഓഫീസർ